**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4888** **11-08-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കുന്ന വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പ മുഖേന നടപ്പാക്കുന്ന വിമുക്തി പദ്ധതിയുടെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) | തൃശ്ശൂർ ജില്ലയിൽ നിലവിൽ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വിമുക്തി ഡി അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും 3 ഡി- അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സി.എച്ച്.സി, പഴയന്നൂർ സി.എച്ച്.സി എന്നീ ആശുപത്രികൾ വിമുക്തി മിഷന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.യെ തെരഞ്ഞെടുത്തിട്ടുണ്ടോ; | (ബി) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി പരിഗണനയിലുണ്ട്. |
| (സി) | ഇത്തരം സെന്ററുകളിൽ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | വിമുക്തിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ ജില്ലയിലെ ലഹരിക്ക് അടിമകളായ കുട്ടികൾക്കും യുവാക്കൾക്കും വയോജനങ്ങൾക്കും ആവശ്യ മായ ചികിത്സാസംവിധാനങ്ങളും കൂടാതെ കൗൺസിലിങ്ങ്, ടെലി കൗൺസിലിങ്ങ് ഇവയൊക്കെ സൗജന്യമായി നൽകിവരുന്നു. ആവശ്യമായ മരുന്നുകളും സൗജന്യമായി നൽകി വരുന്നു. പ്രവർത്തനത്തിനാവശ്യമായ മുഴുവൻ ചെലവുകളും എക്സൈസ് വകുപ്പ് നേരിട്ട് വഹിക്കുന്നു. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങൾ എന്ന് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ; | (ഡി) | മുല്ലശ്ശേരി സാമൂഹികാരോഗ്യകേന്ദ്രം , പഴയന്നൂർ സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർ ത്തനക്ഷമമാകുന്നതാണ്. |
| (ഇ) | പ്രസ്തുത സെന്ററുകളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകാമോ? | (ഇ) | ചാലക്കുടി വിമുക്തി ഡീ- അഡിക്ഷൻ സെന്ററിൽ നിലവിൽ ഒരു മെഡിക്കൽ ഓഫീസർ, ഒരു സൈക്കോളജിസ്റ്റ്, ഒരു സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നേഴ്സ്, മൂന്ന് സെക്യൂരിറ്റി ജീവനക്കാർ എന്നിവർ ജോലി ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ